# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 6 10-06-2013-ൽ മറുപടിക്ക്

### വ്യാജ സ്പിരിറ്റ് കടത്ത്

ചോദ്യം:

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
" സി. കെ. സദാശിവൻ
" എസ്. രാജേന്ദ്രൻ
" കെ. കെ.നാരായണൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് വ്യാജ സ്പിരിറ്റ് കടത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ ചില സ്ഥലങ്ങളിൽ വ്യാജ സ്പിരിറ്റ് കടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജ സ്പിരിറ്റിന്റെ ഉറവിടങ്ങളെയും കടത്തുകാരെയും സംബന്ധിച്ച് നിരീക്ഷണം നടത്തുന്നുണ്ടോ;

(ബി) ഉണ്ട്. മുൻകാലങ്ങളിൽ വ്യാജ സ്പിരിറ്റ് സൂക്ഷിച്ചിരുന്ന സ്ഥലങ്ങളും, സ്പിരിറ്റ് കടത്തിന് സാധ്യതയുള്ള റോഡുകളും ശക്തമായി നിരീക്ഷിക്കുന്നുണ്ട്. കൂടാതെ, മുൻ സ്പിരിറ്റ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെയും നിരീക്ഷിച്ചു വരുന്നുണ്ട്. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ഇത് സംബന്ധിച്ച് രഹസ്യാന്വേഷണം നടത്തി, വിവരങ്ങൾ, എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുന്നുണ്ട്.

(സി) വ്യാജ സ്പിരിറ്റ് കടത്ത് കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അബ്കാരി കേസുകളിൽ, 2012-13 വർഷം തീർപ്പാക്കിയ 68% കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെടുകയും, 2013-14 വർഷത്തെ ലക്ഷ്യം 70% ആയും നിശ്ചയിച്ചിട്ടുമുണ്ട്.

(ഡി) അധികൃതരുടെ സഹായത്തോടെയാണ് വ്യാജ സ്പിരിറ്റ് കടത്തുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ട്. ഇത്തരം ആക്ഷേപങ്ങൾ പരിശോധിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഉടനെ തന്നെ ശക്തമായ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ വ്യാജ സ്പിരിറ്റ് കടത്തുകാരിൽ എത്രപേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്; ഇതിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, 225 പേർക്കെതിരെ വ്യാജ സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് കേസെടുത്തിട്ടുണ്ട്. ഇതിൽ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ച കേസുകളിൽ വിചാരണ നടപടികൾ നടന്നു വരുന്നു. ശേഷിച്ച കേസുകളിലെ പ്രതികൾക്കെതിരെയുള്ള അന്വേഷണ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ